## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 10 — 01.12.2014-ൽ മറുപടിക്ക്

# മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം.എ. വാഹിദ് | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. 223 Kerala Anti Terror Squad സേനാംഗങ്ങളും 178 Thunderbolt Commando കളും ആന്റി നക്സൽ സേനാംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ആന്റി നക്സൽ സേനയിലേക്ക് വിന്യസിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത പോലീസ് ഉദ്യോഗസ്ഥർക്ക് ആന്ധ്രാപ്രദേശ് പോലീസിന്റെ കീഴിലുള്ള "ഗ്രേ ഹൗണ്ട്സിൽ" പരിശീലനം നൽകിയിട്ടുണ്ട്. ലോക്കൽ പോലീസ്, തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നീ വിവിധ സേനാ വിഭാഗങ്ങൾ ചേർന്ന് ശക്തമായി തിരച്ചിൽ നടത്തിയും, മാവോയിസ്റ്റുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചും, കോളനികൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ആദിവാസികളുടെ ഇടയിൽ ബോധവൽക്കരണം നടത്തിയും, പൊതുജനങ്ങൾക്കിടയിൽ മാവോയിസ്റ്റുകളെ തിരിച്ചറിയുന്നതിന് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചും, ഭീഷണിയുള്ള സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയും മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (സി) മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ